LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിക്കൽ

71(1131) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം പ്ലസ് വൺ-ന് എത്ര അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾ എന്നിങ്ങനെ എത്ര വീതം ബാച്ചുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) അഡീഷണൽ ബാച്ചുകൾക്ക് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) അഡീഷണൽ ബാച്ചുകൾ അനുവദിച്ചതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ അദ്ധ്യയന വർഷം ഹയർ സെക്കണ്ടറിയിൽ പ്ലസ് വൺ-ന് അഡീഷണൽ ബാച്ചുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

(ബി-ഡി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കളത്തുപ്പുഴ ഗവ.എച്ച്.എസ്.എസിന് കെട്ടിട നിർമ്മാണം

72(1133) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ എം.എൽ.എ.-യുടെ 2014-15 വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തി കളത്തുപ്പുഴ ഗവൺമെന്റ് എച്ച്.എസ്.എസ്.-ന് കെട്ടിടം നിർമ്മാണം നടത്തുന്നതിലേക്കായി എന്നാണ് എം.എൽ.എ.-യുടെ പ്രൊപോസൽ ലഭിച്ചതെന്ന് വ്യക്തമാക്കുമോ; ആയത് ധനകാര്യ വകുപ്പിന് സമർപ്പിച്ച തീയതിയും, ധനകാര്യ വകുപ്പിൽ നിന്നും അനുവാദം ലഭിച്ച തീയതിയും വ്യക്തമാക്കുമോ;

(ബി) ടി പ്രവൃത്തിക്ക് ധനകാര്യ വകുപ്പിൽ നിന്നും അനുവാദം ലഭിച്ചപ്പോൾ പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് 'തസ്തിക സൃഷ്ടിക്കൽ' ആവശ്യമുണ്ടോ എന്ന് നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി ഡയറക്ടർക്ക് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഏത് തീയതിയിലാണ് കത്ത് നൽകിയതെന്നും ആയത് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ കൈപ്പറ്റിയ തീയതിയും വ്യക്തമാക്കുമോ;

(സി) ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും ടി കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ധനവകുപ്പിൽ നിന്നും അനുമതി ലഭിച്ച് ഏറെ നാളുകൾ കഴിഞ്ഞിട്ടും ഭരണ വകുപ്പിൽ നിന്നും വർക്കിന് ഭരണാനുമതി നൽകാത്ത സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച് ടെണ്ടർ നടപടികൾ ആകേണ്ട സമയം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയാത്ത ഗുരുതര വീഴ്ച ഭരണ വകുപ്പിലെ ഉദ്യോഗസ്ഥരാണോ ഹയർ സെക്കന്ററി ഡയറക്ടറേറ്റാണോ സൃഷ്ടിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പുനലൂർ എം.എൽ.എ.-യുടെ 2014-15 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കുളത്തുപ്പുഴ ഗവ.എച്ച്.എസ്.എസിന് കെട്ടിട നിർമ്മാണം നടത്തുന്നതിലേക്കായി പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശുപാർശ 10-8-2015-ൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായി. ആയത് 20-8-2015-ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് സമർപ്പിച്ചു. ധനകാര്യ വകുപ്പിന്റെ 28-9-2015 തീയതി രേഖപ്പെടുത്തിയ അഭിപ്രായകുറിപ്പ് 5-10-2015-ന് പൊതു വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചു.

(ബി) നിർദ്ദേശിച്ചിരുന്നു. 13-10-2015-ലെ കത്ത് മുഖേന ഹയർ സെക്കണ്ടറി ഡയറക്ടറുടെ ഇതുസംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

(സി) ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും 12-1-2016 തീയതി രേഖപ്പെടുത്തിയ കത്ത് 20-1-2016-ൽ ലഭ്യമായി (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).*

(ഡി&ഇ) ധനകാര്യ വകുപ്പ് പ്രസ്തുത പ്രവൃത്തിക്ക് തസ്തിക സൃഷ്ടിക്കൽ ആവശ്യമുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയോടെയാണ് അനുമതി നൽകിയിരുന്നത്. ആയത് സംബന്ധിച്ച് ഹയർ സെക്കണ്ടറി വകുപ്പിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടുവെങ്കിലും 13-10-2015-ലെ കത്തിന് 12-1-2010-ലെ കത്ത് പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്. ആയതിൽ നിർമ്മാണ പ്രവൃത്തികൾക്ക് തസ്തിക സൃഷ്ടിക്കൽ ആവശ്യമില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പുതിയ കെട്ടിട നിർമ്മാണത്തിനുശേഷം തസ്തിക സൃഷ്ടിക്കുന്നതിനെ സംബന്ധിച്ചാണ് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത്. ആയതിനാൽ, വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുവാൻ, DHSE-യോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ 10-2-2016-ൽ G.O(Rt) 518/2016-ലെ നമ്പർ ഉത്തരവ് പ്രകാരം തസ്തിക സൃഷ്ടിക്കൽ അനുവദിക്കില്ലെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly